# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3479

14.10.2011-ൽ മറുപടിക്ക്.

## പിയേഴ്സ് ലസ്ലി കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലം ഏറ്റെടുക്കാൻ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ബേപ്പൂർ മണ്ഡലത്തിലെ ചെറുവണ്ണൂരിൽ പിയേഴ്സ് ലസ്ലി കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലം ഏറ്റെടുക്കാൻ കെ.എസ്.ഐ.ഡി.സി-ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടായിരുന്നോ ; | (എ) 2009 ജൂൺ 1-ാം തീയതി പുറപ്പെടുവിച്ച ജി.ഒ.(ആർ.റ്റി) നം. 653/2009/വ്യവ. പ്രകാരം കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ താലൂക്കിലെ പിയേഴ്സ് ലെസ്ലി കമ്പനിയുടെ കൈവശമുള്ള 6.50 ഏക്കർ ഭൂമി ടൂറിസ്റ്റ് റിസോർട്ടും, കൺവെൻഷൻ സെന്ററും സ്ഥാപിക്കുവാൻ വേണ്ടി ഏറ്റെടുക്കുവാൻ കെ.എസ്.ഐ.ഡി.സി-ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഈ ഭൂമി ഏറ്റെടുക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (ബി) ഭൂമി ഏറ്റെടുക്കുന്നതിന്റെ ചുമതലയുള്ള കൊയിലാണ്ടി താലൂക്കിലെ സ്പെഷ്യൽ തഹസീൽദാർ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി 31.62 കോടി രൂപ കെട്ടി വെയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) ഏറ്റെടുക്കൽ നടപടി അടിയന്തിരമായി പൂർത്തിയാക്കുമോ ? | (സി) ഭൂമി വിലയും അതോടനുബന്ധിച്ചുള്ള മറ്റു ചെലവുകളും വളരെ അധികമായതിനാലും ഇത്രയും വിലയുള്ള ഭൂമിയിൽ ഈ പദ്ധതി സാമ്പത്തികമായി ലാഭകരമായി നടത്താൻ പറ്റാത്ത സാഹചര്യത്തിൽ ഭൂമി വില കുറയ്ക്കുന്നതിനു വേണ്ടി കെ.എസ്.ഐ.ഡി.സി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സമീപ പ്രദേശത്തെ ഭൂമി രജിസ്ട്രേഷനുകൾ പരിശോധിച്ചതിലും ഭൂമിയ്ക്ക് കണക്കാക്കിയിരിക്കുന്ന വില അധികമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ പഴയ കെട്ടിടങ്ങളുടെ വില റീ എസ്റ്റിമേറ്റ് ചെയ്യുന്നതിനും 5.26 കോടി രൂപയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒഴിവാക്കുന്നതിനും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽ പറഞ്ഞവയിൽ തീരുമാനമായതിനു ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടു പോകുകയുള്ളു. |

സെക്ഷൻ ഓഫീസർ